ശ്രീ. ജോസഫ് മുണ്ടശ്ശേരി: അവരെ പിരിച്ചുവിടാൻ ഗവണ്മെന്റ് കല്പന കൊടുത്തിട്ടില്ല. പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ വേറെ എന്തെങ്കിലും അടിസ്ഥാനത്തിലായിരിക്കണം.

ശ്രീ. എൻ. ശിവൻ പിള്ള: ശാസ്ത്രി പാസ്സായിട്ടുള്ളവർ ഭാഷാദ്ധ്യയനത്തിന് യോഗ്യതയുള്ള ആളുകളാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഭാഷാദ്ധ്യാപകന്മാരായി ശാസ്ത്രിപാസ്സായിട്ടുള്ള ആളുകൾ മുമ്പുണ്ടായിരുന്നു. അവർ ഇപ്പോഴും ഉണ്ട്. അവരെ പിരിച്ചുവിടുവാൻ ഗവണ്മെന്റ് പറഞ്ഞിട്ടില്ല.

ശ്രീ. എൻ. ശിവൻ പിള്ള: ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ എന്തുകാരണംകൊണ്ടാണ് പിരിച്ചുവിട്ടത് എന്നുള്ളതിനെക്കുറിച്ചു അന്വേഷിക്കാം.

ഹരിജനോദ്ധാരണവകുപ്പിലെ നിയമനങ്ങൾ.

* 1423. [4] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1958-59 വർഷത്തിൽ ഹരിജനോദ്ധാരണവകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) നിയമനം ലഭിച്ചവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) പാലക്കാട്, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം എന്നീ ഡിസ്ട്രിക്റ്റുകളിലായി 93 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റ് ഡിസ്ട്രിക്റ്റുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ബി) 93 നിയമനങ്ങളുടെ ജാതിതിരിച്ചുള്ള † പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. സി. എ. മാത്യു: ജാതിതിരിച്ചുള്ള പട്ടികയുടെ കോപ്പി ഞങ്ങൾക്കു കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. ചാത്തൻ: അതു ഇപ്പോഴെ കിട്ടിയുള്ളൂ.

Mr. Speaker: Even though there is stringent instruction that statement should be made available at least 15 minutes earlier, I find that it has not been strictly followed. I have not yet received a copy of the statement. If the statement is not supplied to the Member concerned it will not be possible to ask supplementary questions.

ശ്രീ. എം. നാരായണക്കുറുപ്പ്: ചില ഡിസ്ട്രിക്റ്റിൽനിന്ന് വിവരം കിട്ടുവാനും ചിലഡിസ്ട്രിക്റ്റിൽ നിന്നു കിട്ടാതെയിരിക്കുവാനും കാരണമെന്താണെന്നുപറയാമോ? മറ്റ് ഡിസ്ട്രിക്റ്റുകളിൽ അവർ തന്നെ നേരിട്ട് നിയമനം നടത്തുകയായിരിക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: ഡിസ്ട്രിക്റ്റ്, ആഫീസറന്മാരിൽ നിന്ന് റിപ്പോർട്ട് കിട്ടുവാനുള്ള താമസമായിരിക്കും

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇഗ്നാച്ചരൻ : പാലക്കാട്ട ഡിസ്ട്രിക്ടിൽനിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ?

ശ്രീ. പി. കെ. ചാത്തൻ : ലിസ്റ്റിൽ ഓരോ ഡിസ്ട്രിക്ടിലും ഉള്ളതല്ല പറഞ്ഞിരിക്കുന്നത്. 93 പേരുടെ ജാതിതിരിച്ചുള്ള ലിസ്റ്റാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. സി. എ. മാത്യു : ഡയറക്ടർ ആഫീസിൽനിന്നാണോ ഇവരെ നിയമിക്കുന്നത് ?

ശ്രീ. പി. കെ. ചാത്തൻ : ഡിസ്ട്രിക്ടുകളിലെ ആഫീസർമാരാണ് ആളുകളെ നിയമിക്കുന്നത്.

ശ്രീ. കുഞ്ഞാമു : മലബാറിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തിയിട്ടില്ലെന്നു് അറിയാമോ?

ശ്രീ. പി. കെ. ചാത്തൻ : കണ്ടിജൻസിയിലേക്കുള്ള നിയമനങ്ങളും നേരിട്ടു നടത്തുന്നതും മറ്റുള്ള നിയമനങ്ങളും എക്സ്ചേഞ്ചുവഴിയാണ് നടത്തുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ് : മലബാറിൽ ഡയറക്ടറോ ഡിസ്ട്രിക്ടിലെ ആഫീസറോ നിയമനം നടത്തുന്നത് ?

ശ്രീ. പി. കെ. ചാത്തൻ : അതെങ്ങനെയാണെന്നു് അറിഞ്ഞുകൂടാ.

துப்பாக்கிப் பிரயோகம்

1424. [5] ஸ்ரீ. என். கணபதி : கீழ் காணும் விஷயங்களுக்கு போலீஸ் இலாகா மந்திரி அவர்கள் தயை பகர்வார்களாக :

(எ) 1958-59-ல் போலீஸ் துப்பாக்கிப் பிரயோகத்தில் இறந்த குடும்பங்களுக்கு ஒதுக்கப்பட்ட தொகை கொடுக்கப்பட்டு விட்டதா ;

(பி) எவ்வளவு ரூபாய் ;

(ஸி) இதுவரை கொடுக்கப்படாமலிருந்தால் காலதாமதத்திற்கு காரணமென்ன;

(டி) கொடுக்கப்பட்டிருந்தால் என்றைக்குக் கொடுக்கப்பட்டது?

Minister for Finance (**Shri C. Achutha Menon**) :

(a) No.

(b) Does not arise.

(c) There are minors among the dependents of the deceased whose claims have to be settled and the enquiry about the dependents have not been completed.

(d) Does not arise.

ஸ்ரீ. என். கணபதி : துப்பாக்கி பிரயோகம் நடத்தி 9, 10 மாதங்களாகியும் இறந்தவர்களின் வாருசுகளை கண்டுபிடிக்காமலும், பணம் கொடுக்காமலும் இருப்பதன் காரணம் என்ன?

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെന്റ് അനുവാദം കൊടുത്തിട്ട് മൂന്നാലുമാസമായി. ഈ ഓർഡർ കിട്ടിയതിനുശേഷം അതു വേഗം നടപ്പിലാക്കാൻ ഏർപ്പാർട്ട ചെയ്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly